# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3768 | 21.06.2018 - ൽ മറുപടിയ്ക്ക് |
|---|---|

## ആന്റി പ്രോഫിറ്റീറിംഗ് കമ്മിറ്റി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. മഞ്ഞളാംകുഴി അലി<br>ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | ജി.എസ്.ടി നിലവിൽ വന്നശേഷം നികുതി നിരക്കിലെ കുറവിനനുസരിച്ച് സാധനങ്ങളുടെ വിലകുറയ്ക്കാൻ തയ്യാറാകാത്ത കമ്പനികൾക്കും വ്യാപാരികൾക്കുമെതിരെ നടപടി സ്വീകരിക്കുന്നതിന് ആന്റി പ്രോഫിറ്റീറിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞ വർഷം എത്ര കേസുകളിൽ നടപടി സ്വീകരിച്ചിട്ടുണ്ട്; | (എ) | ജി.എസ്.ടി നിയമപ്രകാരം ആന്റി പ്രോഫിറ്റീറിംഗ് അതോറിറ്റി കേന്ദ്ര ഗവൺമെന്റ് രൂപീകരിച്ചിട്ടുണ്ട്. ഇതനുസരിച്ച് സംസ്ഥാന സ്ക്രീനിംഗ് കമ്മിറ്റി S.R.O No. 581/2017 തീയതി 25.09.2017 പ്രകാരം രൂപീകരിച്ചിട്ടുണ്ട്.<br>ജി.എസ്.ടി. യിലൂടെ ലഭിക്കുന്ന നികുതി നിരക്ക് കുറവും ഇൻപുട്ട് ടാക്സിന്റെ ആനുകൂല്യവും ഉപഭോക്താകൾക്ക് കൈമാറണമെന്ന വ്യവസ്ഥയിലാണ് ജി.എസ്.ടി നിയമം നടപ്പിലാക്കിയതെങ്കിലും പല നിർമ്മാതാക്കളും വ്യാപാരികളും ഇത്തരത്തിൽ ആനുകൂല്യം കൈമാറിയിട്ടില്ല എന്നത് വകുപ്പ് പരിശോധിച്ചിട്ടുണ്ട്. ഇതിന്റെ ആദ്യപടിയായി സെപ്റ്റംബർ-ഒക്ടോബർ മാസങ്ങളിൽ സംസ്ഥാനത്തുടനീളം സംസ്ഥാന ചരക്ക സേവന നികുതി വകുപ്പ് സർവ്വേ നടത്തുകയുണ്ടായി. നിത്യോപയോഗ സാധനങ്ങളുടെയും മറ്റു ചരക്കുകളുടെയും വിലനിലവാരത്തിൽ ജി.എസ്.ടി ക്ക മുമ്പും ജി.എസ്.ടി വന്നതിനുശേഷവും ഉണ്ടായ വ്യത്യാസം പരിശോധിക്കുകയും ജി.എസ്.ടി നിയമത്തിൽ പറഞ്ഞിരിക്കുന്ന മാനദണ്ഡങ്ങൾ പാലിക്കാത്ത 335-ഓളം ഉല്പാദകരുടെയും വില്പനക്കാരുടെയും വിശദമായ വിവരങ്ങൾ സംസ്ഥാന സ്ക്രീനിംഗ് കമ്മിറ്റി വഴി കേന്ദ്ര ആന്റി പ്രോഫിറ്റീറിംഗ് അതോറിറ്റിക്ക് കൈമാറുകയും ചെയ്തു. കേന്ദ്ര ആന്റിപ്രോഫിറ്റീയറിംഗ് അതോറിറ്റി ഇതിന്മേൽ വിശദമായ തെളിവുകൾ |

| | | | |
|---|---|---|---|
| | | | ആവശ്യപ്പെട്ടിട്ടുണ്ട്. ബില്ല് ഉൾപ്പെടെയുള്ള വിശദമായ തെളിവുകൾ ഉടൻതന്നെ കേന്ദ്ര ആന്റിപ്രോഫിറ്റീയറിംഗ് അതോറിറ്റിക്ക് അയച്ചുകൊടുക്കുന്നതാണ്. 22-ാമത് ജി.എസ്.ടി കൗൺസിലിലെ തീരുമാനപ്രകാരം കൂടുതൽ ചരക്കുകളുടെ നികുതിനിരക്കിൽ 15.11.2017 മുതൽ കുറവ് വന്നിട്ടുണ്ടായിരുന്നു. ആന്റിപ്രോഫിറ്റീയറിംഗ് പരിശോധനയുടെ രണ്ടാം ഘട്ടമായി സംസ്ഥാന ചരക്ക സേവന നികുതി വകുപ്പ് 15.11.2017 മുതൽ പ്രാബല്യത്തിൽ വന്ന നികുതിക്കുറവിന്റെ ആനുകൂല്യം ഉപഭോക്താവിന് കൈമാറിയിട്ടുണ്ടോയെന്നത് 2018 ജനുവരിയിൽ പരിശോധന നടത്തുകയുണ്ടായി. ആനുകൂല്യം കൈമാറാത്ത നിർമ്മാതാക്കളുടെയും മൊത്ത വ്യാപാരികളുടെയും ചില്ലറ വ്യാപാരികളുടെയും വിവരം സംസ്ഥാന സ്ക്രീനിംഗ് കമ്മിറ്റിക്ക് സമർപ്പിക്കുകയും ആയത് കേന്ദ്ര ആന്റി പ്രോഫിറ്റീറിംഗ് അതോറിറ്റിക്ക് അയച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്മേൽ തുടർനടപടികൾ സ്വീകരിച്ചതായി അറിയിപ്പൊന്നും ലഭിച്ചിട്ടില്ല. |
| (ബി) | സർക്കാർ നടപടി ആരംഭിച്ച ശേഷം ഇത്തരത്തിലുള്ള പരാതികളിൽ കാര്യമായ മാറ്റമുണ്ടായിട്ടുണ്ടോ; എങ്കിൽ ജി.എസ്.ടി. നടപ്പിലാക്കിയതുവഴി ഉപഭോക്താക്കൾക്ക് ലഭിക്കേണ്ട എല്ലാ ആനുകൂല്യങ്ങളും ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് നടപടികൾ ശക്തമാക്കുമോ? | (ബി) | ആന്റി പ്രോഫിറ്റീയറിംഗ് നിയമപ്രകാരം പൊതുജനങ്ങളിൽ നിന്നും ഇതുവരെയും വ്യക്തമായ തെളിവുകളോടുകൂടിയ പരാതികളൊന്നും ലഭിച്ചിട്ടില്ല. എന്നിരുന്നാലും ജി.എസ്.ടി നടപ്പാക്കിയതുവഴി ഉപഭോക്താക്കൾക്ക് ലഭിക്കേണ്ട എല്ലാ ആനുകൂല്യങ്ങളും നൽകുന്നുണ്ടോയെന്ന വിവരം വകുപ്പ് പരിശോധിക്കുന്നുണ്ട്. വീഴ്ചവരുത്തുന്നവർക്കെതിരെ നടപടി സ്വീകരിക്കേണ്ടത് കേന്ദ്ര ആന്റിപ്രോഫിറ്റീയറിംഗ് അതോറിറ്റിയാണ്. |

**സെക്ഷൻ ഓഫീസർ**